# ഞാങ്ങണയുടെ പാട്ട്



ജോർജ്ജ് പാഞ്ഞാറ

# അവതാരിക

ആദി കവി വാൽമീകി "മാനിഷാദ" എന്നുദീരണം ചെയ്തതിനെപ്പററി അദ്ദേഹം തന്നെ പറഞ്ഞത് 'കിമിദം വ്യാഹൃതംമയാ' എന്നാണ് (ഞാനെന്താണു പറഞ്ഞത്) വേടൻ ഇണക്കിളികളിലൊന്നിനെ അമ്പെയ്തു വീഴ്ത്തിയപ്പോൾ ശോകാർത്തനായ കവി പെട്ടെന്നു പാടിപ്പോവുകയാണുണ്ടായത്. വികാര വിവശമായ ഹൃദയത്തിന്റെ തന്ത്രികൾ വലിഞ്ഞു മുറുകുമ്പോൾ അതു പ്രകമ്പനംകൊള്ളുന്നു. ഈ പ്രകമ്പനം ഭാഷയിലൂടെ ആവിഷ്കരിച്ചാൽ ആ പിരിമുറുക്കത്തിന് അയവു വരുന്നു എന്നത് അനുഭവസിദ്ധമാണ്. ഈ തന്ത്രീലയം വഴിയാണ് സ്വാന്തവിശ്രാന്തി സമമായ സുഖം കവിതയിൽ ലഭ്യമാകുന്നത്.

ഹൃദയചലനം ഭാഷയിലൂടെ ആവിഷ്കരിക്കുന്നതിന് ആവിഷ്കർത്താവിന്റെ പൂർവ്വസംസ്കാരവും അഭ്യാസവും തത്കാല പരിതസ്ഥിതിയും മനോഭാവവും അനുഭവവും പ്രേരകമാകുന്നു. വികാരനിർഭരമായ ഹൃദയം നിയതമോ അനിയതമോ ആയ താളത്തിൽ ഭാഷയിലൂടെ ആവിഷ്കരിക്കുന്നതാണല്ലോ കവിത.

ദീർഘമായ സംഗീതസംസ്കാരവും സുവിശേഷബന്ധങ്ങളും അനുഭവങ്ങളുടെ തരളിമയും കൊണ്ടു സമ്പന്നനായ ശ്രീ.ജോർജ്ജ് പാഞ്ഞാറയുടെ 29 കവിതകളുടെ ഈ സമാഹാരത്തിലേക്കു കടന്നിറങ്ങുമ്പോൾ സഹൃദയനെ ത്രസിപ്പിക്കുന്ന നിരവധി വസ്തുതകൾ എണ്ണിയെണ്ണിപ്പറയാനാകും. ബൈബിൾ സംഭവങ്ങൾ തന്നിലുണർത്തിയ അനുഭൂതികളുടെ ചമൽക്കാരപൂർണ്ണമായ ആവിഷ്കാരത്തിന് ഈ സമാഹാരം സാക്ഷ്യം വഹിക്കുന്നു.

കല്ലിനോടും പുൽപ്പടർപ്പിനോടും കാററിനോടും സംവദിക്കുന്നവനാണു കവി. നിർജ്ജീവമെന്നു സാമാന്യ മനുഷ്യൻ ചിന്തിക്കുന്ന വസ്തുക്കൾ സചേതനങ്ങളായിത്തീരുന്നു കവിയുടെ മുൻപിൽ ! നമ്മുടെ കവിയും തന്റെ ചുററുമുള്ള അചേതനവസ്തുക്കളോടു സമ്പർക്കം പുലർത്തുന്നതിന്റെ നിദർശനങ്ങൾ ധാരാളമുണ്ട്.

"സന്ദേശം" എന്ന ആദ്യകവിതയിൽ കവി കാററിനോടു പറയുന്നു "പച്ചപ്പടർപ്പിൽപ്പുളകം വിതക്കുന്ന കൊച്ചുകാററേ നീ ചുളുചുളുത്തിങ്ങനെ ഇക്കൊച്ചുകാലിത്തൊഴുത്തിന്റെയുള്ളിലേ - ക്കോടിക്കളിച്ചുപുളച്ചേറിടായ്കെടോ." ഇന്നലെ വെറും കാലിത്തൊഴുത്തായിരുന്നത് ദൈവസുതന്റെ ജനനത്താൽ സ്വർലോകമായിത്തീർന്നതിനാലാണ്. ആ ശിശുവിന് അസഹ്യമായേക്കാവുന്ന യാതൊന്നും ചെയ്തു പോകരുതെന്ന് കാററിനോടു കവിയുടെ ശാസന.

"ഓർമ്മയുണ്ടോ യോർദ്ദാൻ" എന്ന കവിതയിൽ കല്ലോലമാലകളാൽ ശ്യാമതീരങ്ങളിൽ തല്ലിരസിക്കുന്ന യോർദ്ദാൻ പ്രവാഹത്തോട് കവി, പണ്ട് ഈശപുത്രൻ ആ നദിയിൽ നടത്തിയ നിമജ്ജനം എടുത്തു പറഞ്ഞ് അതിനെപ്പുളകംകൊള്ളിക്കുന്നു.

സർവ്വേശപുത്രനെത്തൊട്ടുരുമ്മിയ ആ നീരൊഴുക്കിനെ പുണ്യപ്രവാഹമായി കവി സങ്കല്പിക്കുന്നു. മാത്രമല്ല 'വിണ്ടല നായകസൂനുവിൻ പൊൻതനു ചുബിച്ചു നിർവൃതിപുണ്ട പൂഞ്ചോല'യെന്നു വിളിച്ചുകൊണ്ട് അനശ്വരതയെപ്പുണർന്ന ജീവനിർത്ധരിക്ക് യുഗങ്ങളെ വിശുദ്ധീകരിക്കുവാനാകും എന്നു കവി ഓർമ്മിപ്പിക്കുന്നു.

യേശുവുമായി സമ്പർക്കപ്പെട്ട ഏതു വസ്തുവും പവിത്രീകൃതമാകുന്ന സവിശേഷ യാഥാർത്ഥ്യം ഇതിനേക്കാൾ പ്രചുരമായി വിശദീകരിക്കാനാവില്ലല്ലോ! "തലപോലു മഹോപരാർത്ഥമായിച്ചിലവാക്കാൻ മടിയാത്ത സാധു നെല്ലേ - തവചേവടിയിൽ കുനിഞ്ഞിടട്ടെ സ്വാർത്ഥപരായണനാം മനുഷ്യൻ" എന്നു പാടിയ കുററിപ്പുറം എത്രയോ ഉജ്ജ്വലമായാണ് ചെടിയിൽ ജീവൻ ആരോപിച്ച് മനുഷ്യനെ ലജ്ജിപ്പിക്കുന്നത്?

വേഡ്സ് വർത്ത് 'ഡാഫോഡിൽസ്' എന്ന കവിതയിൽ ചെടിയിൽ ജീവന്റെ കണിക ആരോപിച്ച് അതിന്റെ ചലനങ്ങളിൽ അർത്ഥം കണ്ടെത്തിയതും സഹൃദയർക്ക് എത്ര ആഹ്ലാദകരമാണ്.

ആലങ്കാരികമായി വാങ്മയങ്ങൾ സൃഷ്ടിക്കുവാൻ കവിക്കു കഴിയുന്നു. വിധവയെ പരാമർശിക്കുമ്പോൾ "മുങ്ങിയ വഞ്ചിക്കാരിയായിരുന്നില്ലേ പാവം" എന്നാണ് കവിയുടെ വിവക്ഷ. 'യാത്രയിറങ്ങിപ്പാതിയാവതിൻ മുൻപേ,- പതിയാത്രയായനന്തതതേടി' യെന്നാണ് കവി പരിതപിക്കുന്നത്. മനുഷ്യ ജീവിതത്തെ യാത്രയോടുപമിക്കുന്നതോടൊപ്പം ദാമ്പത്യത്തിൽ ജീവിതപങ്കാളിയുടെ അകാലതിരോധാനം എത്രമാത്രം ദുഃസ്സഹമാണെന്നും ഹൃദയസ്പൃക്കായി വിവരിക്കുന്നുണ്ടാക്കവിതയിൽ.

സംസ്ക്കാരത്തിനായി ആളുകൾ തോളേററിയിരുന്ന യുവാവിന്റെ മൃതദേഹമഞ്ചത്തിനടുത്തെത്തിയ യേശു നാഥൻ 'ആശ്വാസത്തിൻ തേൻ തുള്ളികൾ തഞ്ചത്തിലിററിച്ചുകൊണ്ട്' ആ മാതാവിനു സ്വാന്തനമേകുമ്പോൾ ലോകത്തിലുള്ള ഏതു മാതാവിനും അതു സാന്ത്വനമായിക്കാണാനുള്ള ജഗദീശ്വരന്റെ കരുണാ പൂർണ്ണമായ സമീപനമാണ് കവിയുടെ ഹർഷപുളകിതമായ വാക്കുകളിൽ തുടികൊട്ടുന്നത്.

മരിച്ചു മരവിച്ച ഒരുവൻ മരിച്ചിട്ടില്ലെന്നു പറഞ്ഞ് യേശു ആ വിധവാ പുത്രന് ആയുസ്സു തിരിച്ചു നല്കുവാൻ പിതാവായ ദൈവത്തോട് മൗനമുദ്രയിൽ സമാഹൃതനാകുമ്പോൾ ദുഃഖച്ഛവിചാലിച്ചു നിന്ന ജനൗഘത്തിന്റെ ചുണ്ടുകളിൽ പരിഹാസത്തിന്റെ പുഞ്ചിരി പരന്ന വാങ്മയ ചിത്രം ആർക്കു മറക്കാനാകും ! ബുദ്ധിമാന്മാരുടെയുള്ളിൽ പരമപുച്ഛം രൂപം

കൊണ്ടപ്പോൾ കരുണാമയനായ മനുഷ്യപുത്രൻ പരമരൂപനുമായി ഗാഢസമ്പർക്കത്തിലായിരുന്നു എന്ന വാസ്തവം എത്ര മനോഹരമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.!

ദിവ്യ നാഥന്റെ പക്കലേക്ക് ആഹ്ളാദപൂർവ്വം ഓടിയെത്താൻ ശ്രമിച്ച കുഞ്ഞുങ്ങളെ ശിഷ്യന്മാർ തടഞ്ഞപ്പോൾ അവർക്കുണ്ടായ കുണ്ഠിതം, കാററിൽ കുണുങ്ങിച്ചിരിക്കുന്ന പൂക്കളിൽ കാർ നിഴൽ വീണതു പോലെ എന്നു സൂചിപ്പിച്ചത് ഔചിത്യപൂർണ്ണമായിട്ടുണ്ട്. യേശു കുഞ്ഞുങ്ങളെ സ്വാഗതം ചെയ്തപ്പോഴാകട്ടെ "മുട്ടിട്ടു നിർത്തിയ നീർച്ചാലു പെട്ടെന്ന് - പൊട്ടിയൊഴുകിയപോലെ" എന്ന ചിത്രത്തിലൂടെ അവതരിപ്പിക്കാൻ കഴിഞ്ഞത് കവിക്കു തന്റെ നാട്ടിലെ കരിയാർ മുട്ട് പൊട്ടിച്ചിതറിയൊഴുകുന്നതു കണ്ടുള്ള അനുഭവത്തിൽ നിന്നാകണം.

'രോഗശാന്തി' എന്ന കവിതയുടെ അന്ത്യത്തിൽ സുഖം പ്രാപിച്ച പത്തു കുഷ്ഠരോഗികളിൽ വിജാതീയനായ ഒരാൾ മാത്രം നന്ദി പറയുവാൻ തിരിച്ചു വന്നതിനെപ്പരാമർശിച്ച് 'മറെറാമ്പതു പേർ എവിടെ?' എന്ന ക്രിസ്തുനാഥന്റെ ചോദ്യം പ്രതിധ്വനിക്കുന്നു ദിങ് മുഖങ്ങളിൽ' എന്ന് കവി പറയുമ്പോൾ കൃതജ്ഞതയില്ലാത്ത എല്ലാവരുടേയും ചെകിട്ടത്തടികിട്ടിയതുപോലുള്ള അനുഭവമാണ് സഹൃദയനുണ്ടാവുക.

യേശുവിനെ ഉത്തരം മുട്ടിക്കാൻ പോന്ന ചോദ്യവുമായി ഇറങ്ങിപ്പുറപ്പെട്ട ഫരീസ്യന്മാർ ആ സവ്യസാചിയുടെ മറു ചോദ്യത്തിന് മുന്നിൽ "ആലോചനകരകാണാതലയുന്ന പായവഞ്ചിയായിപ്പരിണമിക്കു"ന്ന ദയനീയ ചിത്രം തങ്ങളുടെ ചതി തങ്ങൾക്കുതന്നെ വിനയായി മാറുന്ന മുഹൂർത്തം എത്ര സമീചീനമാക്കിയിരിക്കുന്നു നമ്മുടെ കവി!

" സ്വർഗ്ഗീയമാം ദയാമാധുരിസസ്ഫുടം
നിർഗ്ഗളിച്ചീടുമധരപുടങ്ങളിൽ
വന്നു വിടരാൻ തുടിച്ചു നില്ക്കുന്നുവോ
മന്നിലസാമാന്യമായൊരു പുഞ്ചിരി?"

സ്വർഗ്ഗവും ഭൂമിയും സമന്വയിക്കുന്ന മനുഷ്യപുത്രന്റെ തെളിവാർന്ന ചിത്രം കവിയുടെ ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞിരിക്കുന്നു എന്ന് ഈ വരികൾ സുവ്യക്തമാക്കുന്നു.

മലയാളത്തിലെ ഏതു മികച്ച കവിയെപ്പോലെയും വർണ്ണശബളമായ വാക്കുകളുടെ മനോജ്ഞ പ്രപഞ്ചത്തിന്റെ കേളികൊട്ടുണർത്തുന്ന നിരവധിവരികളിൽ ഒരുദാഹരണം മാത്രം ഇതാ.

പാലൊളി ചിന്തിയുദിച്ചു വിളങ്ങിയ
ബാലേന്ദുവിൻ സ്വർണ്ണ ബിംബം
ചാലേ വിരിച്ചതായ്തോന്നിജലോപരി
ലോലമാം കാഞ്ചനച്ചേല!

(വെള്ളത്തിൻ മേലേ)

ആരാലും ആദരിക്കപ്പെടാത്ത ഒരുതരുവാണല്ലോ ഞാങ്കണ. അതിന്റെ പൂങ്കുലപോലും അവഗണിക്കപ്പെടുന്നു. ക്രിസ്തു തന്നെ ഒരിക്കൽ "കാററിലാടുന്ന ഞാങ്കണ" എന്ന് ഇകഴ്ത്തിപ്പറഞ്ഞിട്ടുണ്ട്.

എന്നാൽ അവസാനനാളിൽ യേശു പരിഹാസരാജ വേഷം അണിയിക്കപ്പെട്ടപ്പോൾ ആ തൃക്കൈയ്യിലെച്ചെങ്കോലായി മാറിയ ഞാങ്കണ അനുഭവിച്ചത് ' മുഗ്ധാഭിമാനമോ മേനികുളിർത്ത രോമാഞ്ചമോ!' എന്ന ആത്മഗതം കവിയുടെ ആത്മകഥാസ്പർശ്ശമുള്ളതായിത്തോന്നുന്നു.

യേശുഗാഥകൾ കർണ്ണാടക സംഗീതശൈലിയിൽ രചിക്കുകയും പാടുകയും ചെയ്യുക വഴി ഞാങ്കണയായ താൻ അഭിമാനസോപാനത്തിലെത്തിച്ചേർന്നുവെന്നാകാം കവി അർത്ഥമാക്കുന്നത്.

അല്ലെങ്കിൽതന്നെ എഴുത്തുകാരന്റെ അനുഭവത്തിന്റെയും അനുഭൂതിയുടേയും വ്യക്തിസത്തയുടേയും അനാവരണമാണല്ലോ അദ്ദേഹത്തിന്റെ വാക്കുകൾ.

ബൈബിളിനോട് വിശ്വസ്തമായ ആശയസംവിധാനം, സ്വാഭാവികത തുടിക്കുന്ന ബിംബങ്ങളുടെ പ്രയോഗ ചാതുരി, മനോജ്ഞപദങ്ങളുടെ ഔചിത്യപൂർവ്വകമായ സന്നിവേശം എന്നിവകൊണ്ട് ശ്രദ്ധേയമായ ഈ കവിതാ സമാഹാരം വേദപുസ്തകാഭിമുഖ്യം വളർത്താൻ സഹായകമായിരിക്കുമെന്നതിൽ സംശയമില്ല. ശാസ്ത്രീയസംഗീതത്തിൽ അഗാധമായ വ്യുൽപത്തി നേടി സംഗീതം ജീവിത ചര്യയാക്കിമാററി, ഇതിനകം അനേകം ക്രൈസ്തവ കീർത്തനങ്ങൾ രചിക്കുകയും സംഗീതം നല്കി രംഗത്തവതരിപ്പിക്കുകയും ചെയ്ത പ്രഗത്ഭമതിയാണല്ലോ ശ്രീ.ജോർജ്ജ് പാഞ്ഞാറ!.

അദ്ദേഹം വിരചിച്ച സംഗീതകൃതികളും പുസ്തക രൂപത്തിലാക്കി അനുവാചകർക്കു നല്കുവാൻ ഈ കവിതാ സമാഹാരത്തിന്റെ പ്രസിദ്ധീകരണം മിഴിവാർന്ന മുന്നോടിയാകട്ടെ എന്നാശംസിക്കുന്നു.

**ജെ. തച്ചിൽ.**

കൊതവറ

22-02-2002